# Mathrubhumi

# 22 August 2018

# New Delhi, Flood Relief, Food Grains Allotted



## അനുവദിച്ച അരി സൗജന്യമെന്ന് കേന്ദ്രം

### 89,540 ടൺ അരിയും 100 ടൺ പയറുവർഗങ്ങളും അനുവദിച്ചെന്ന് കേന്ദ്രം

**ന്യൂഡൽഹി ▸** പ്രളയ ദുരിതാശ്വാസമായി കേരളത്തിനു 89,540 ടൺ അരിയും 100 ടൺ പയറു വർഗങ്ങളും അനുവദിക്കും. ഇതു സൗജന്യമായാണു സംസ്ഥാനത്തിനു നല്കുകയെന്ന് കേന്ദ്ര ഭക്ഷ്യമന്ത്രി രാം വിലാസ് പസ്വാൻ മാതൃഭൂമി ന്യൂസിനോട് പറഞ്ഞു.

1.18 ലക്ഷം ടൺ അരിയാണു കേരളത്തിൻെറ പതിവ് മാസ വിഹിതം, ഇതിനുപുറമെയാണ് 89,540 ടൺ അരി നല്കുന്നത്. ഭക്ഷ്യ സുരക്ഷാ നിയമത്തിൻെറ പരിധിയിൽ വരാത്തവർക്കും പൊതുവിതരണ സമ്പ്രദായത്തിലൂടെ അരിയും പയറും നല്കാനാണ് അധിക വിഹിതം.

കേരളത്തിൽ 52 ശതമാനം പേരാണ് ഭക്ഷ്യ സുരക്ഷാ നിയമത്തിൻെറ പരിധിയിലുള്ളത്. ഒരു മാസത്തേക്കാണ് അധികവിഹിതം. സംസ്ഥാനത്തെ സാഹചര്യം കണക്കിലെടുത്ത് ഇതു മൂന്നുമാസം വരെ അനുവദിക്കാനാവും. ഇതുവഴി ഭക്ഷ്യക്ഷാമവും വിലക്കയറ്റവും തടയാനാവുമെന്നും മന്ത്രി പറഞ്ഞു.

നൽകിയ ഭക്ഷ്യധാന്യങ്ങളുടെ ചെലവ് ഏത് മന്ത്രാലയം വഹിക്കണമെന്നതിൽ തീരുമാനമായിട്ടില്ല.

കേന്ദ്ര ആഭ്യന്തര മന്ത്രാലയവുമായി ആലോചിച്ച് ഇക്കാര്യം തീരുമാനിക്കും. 100 ടൺ പയറു വർഗങ്ങൾ കേരളത്തിനു നൽകി. വരുംദിവസങ്ങളിൽ 80 ടൺ വീതം നിത്യേന അനുവദിക്കും.

ഇതുസംബന്ധിച്ച ഉത്തരവിലെ അധിക അരിവിഹിതം കേരളത്തിനുള്ള ഭക്ഷ്യവിഹിതത്തിൽ നിന്നോ ദുരിതാശ്വാസ ഫണ്ടിൽ നിന്നോ കുറവുചെയ്യുമെന്ന പരാമർശം ആശയക്കുഴപ്പം ഉണ്ടാക്കിയിരുന്നു. ഇതിനെതിരേ പ്രധാനമന്ത്രിക്കു പരാതി നല്കുമെന്നു ഭക്ഷ്യമന്ത്രി പി. തിലോത്തമൻ പറഞ്ഞു.